# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നംമ്പർ : 9264/11/12/2024/**

പരാതികക്ഷി : അഡ്വ കളത്തൂർ ജയ്സിംഗ്,, കളത്തൂർ ഉച്ചക്കട,തിരുവനന്തപുരം

എതിർകക്ഷികൾ

**ഉത്തരവ് തീയതി 06.01.2026**

ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ റേഡിയോളജിസ്റ്റ് ഇല്ലാത്തതു കാരണം രോഗികൾ സ്വകാര്യ സ്കാനിങ് സെന്ററുകളെ ആശ്രയിക്കേണ്ടി വരുന്നതായും ആയത് സാധാരണക്കാരായ രോഗികൾക്ക് വളരെയേറെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായും മറ്റുമാണ് പരാതി വിഷയം.

2. പരാതി വിഷയത്തിൽ ആലപ്പുഴ വനിത ശിശു ആശുപത്രി സൂപ്രണ്ട് 06.02.2025 തീയതി റിപ്പോർട്ട് സമർപ്പിച്ചു. ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നിലവിൽ 7 ഗൈനക്കോളജിസ്റ്റ് 3 പീഡിയാട്രീഷൻ, 1 ഫിസിഷ്യൻ എന്നീ തസ്തികകളാണ് സ്പെഷ്യലിറ്റി കെയർ നൽകുന്നതിനായി ഇവിടെ ഉള്ളതെന്നും റേഡിയോളജിസ്റ്റ് തസ്തിക നിലവിൽ ഇല്ല എന്നും അടിയന്തിര ഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിനായി ലേബർ റൂമിൽ അടാ സൗണ്ട് സ്കാനിങ് മെഷീൻ ലഭ്യമാണെന്നും റേഡിയോളജിസ്റ്റ് തസ്തിക ഇല്ലാത്തതിനാൽ ഇൻഷുറൻസ് മുഖാന്തിരം ലഭ്യമാക്കേണ്ട സ്കാനിങ് പുറത്തെ സ്കാനിങ് സെന്ററുമായി എല്ലാവർഷവും ടെൻഡർ മുഖാന്തിരം കരാർ ഉണ്ടാക്കി ചെയ്തു വരുന്നതായും അങ്ങനെ കരാറുള്ള സ്ഥാപനങ്ങളിലേക്കാണ് സൗജന്യ സ്കാനിങ്ങിനായി രോഗികളെ അയക്കാറുള്ളതെന്നും, ശ്രീ അനീഷ് മുഹമ്മദിൻ്റെ ഭാര്യ ശ്രീമതി സുറുമിയുടെ പരാതിയുമായി ബന്ധപ്പെട്ട് ഉണ്ടായ സംഭവത്തിൻ്റെ അടിസ്ഥാനത്തിൽ റേഡിയോളജിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കാമെന്ന് ആരോഗ്യവകുപ്പിൽ നിന്നും ഉറപ്പ് നൽകിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ കാണുന്നു.

3. പരാതി പരിഗണനയ്ക്കെടുത്ത 06.01.2026 തീയതി ഹർജികക്ഷി ഹാജരായിട്ടില്ല. പരാതിയിലെ ആരോപണം ഒരു പൊതു വിഷയമായതിനാൽ കമ്മീഷൻ ഇക്കാര്യം ഗൗരവമായി കാണുന്നു. ആലപ്പുഴ വനിതാ ശിശു ആശുപത്രിയിൽ റേഡിയോളജിസ്റ്റ് തസ്തിക അത്യാവശ്യമാണെന്ന് റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അടിയന്തിരമായി ഇടപെട്ട് തസ്തിക സൃഷ്ടിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിന്റെ പകർപ്പ് ആരോഗ്യവകുപ്പ് ഡയറക്ടർ, ഹർജികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

ശരിപകർപ്പ്.

രജിസ്ട്രാർ.